സ്വന്തം പുത്രനെന്ന നിലയിൽ ഈശോ മറിയവുമായി അഭേദ്യമായ രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. മാനുഷികവും ദൈവികവുമായ സകലവിധ പരിശുദ്ധിയുടെയും കേന്ദ്രമാണ് പരിശുദ്ധ അമ്മ. സ്വർഗ്ഗീയ നന്മകൾ നമുക്ക് പ്രാപിക്കുവാനും ഈശോയുടെ ഹൃദയത്തിന് അനുരൂപമായ ഒരു ജീവിതം നയിക്കുന്നതിനും മറിയത്തോടുള്ള ഭക്തി തീർച്ചയായും നമുക്ക് സഹായകമാണ്. നമ്മെ അലട്ടുന്ന ദാരിദ്ര്യം, തൊഴിലില്ലായ്മ, അസമാധാനം മുതലായ പ്രശ്നങ്ങൾക്ക് പരിഹാരം നേടുവാൻ ദൈവമാതാവിനോടുള്ള ഭക്തി സഹായകമാണ്.

## സംഭവം

റോമാചക്രവർത്തിയായ മതമർദ്ധകനുമായ ജൂലിയൻ തന്റെ സ്വന്ത സാമ്രാജ്യത്തിൽ പേഗൻ മതം പുന:സ്ഥാപിക്കാൻ ആഗ്രഹിച്ചു. അതിനായി ക്രിസ്ത്യാനികളുടെ നേരെ കിരാത മർദ്ദനം അഴിച്ചു വിട്ടു. പേർഷ്യാക്കാരോടുള്ള യുദ്ധത്തിനു പുറപ്പെടുന്നതിനു മുൻപ് മിത്രാദേവിയുടെ അമ്പലത്തിൽ പ്രവേശിച്ച് വഴിപാടു കഴിച്ചു. യുദ്ധത്തിൽ ജയിക്കുന്ന പക്ഷം തന്റെ സാമ്രാജ്യത്തിലെ ക്രിസ്ത്യാനികളെ മുഴുവൻ ദേവിക്ക് ബലിയർപ്പിക്കുന്നതാണെന്ന് അദ്ദേഹം പ്രതിജ്ഞ ചെയ്തു. ഈ നേർച്ചയേപ്പറ്റി അറിഞ്ഞ കേസറിയായിലെ മെത്രാനായ വിശുദ്ധ ബേസിൽ, തന്റെ കീഴിലുള്ള എല്ലാ ക്രിസ്ത്യാനികളേയും വിളിച്ചുകൂട്ടി. ഈ ആപത്ഘട്ടത്തിൽ പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തി മാത്രമേ പരിഹാരമായിട്ടുള്ളുയെന്നു അദ്ദേഹം പറഞ്ഞു. വിശുദ്ധ ബേസിലിന്റെ പരിശുദ്ധ കന്യകയോടുള്ള ഭക്തിയും വിശ്വാസവും ജനങ്ങൾക്കെല്ലാം മാതൃകയായി.

എല്ലാവരും പരിശുദ്ധ കന്യകയിൽ അഭയം ഗമിച്ചു പ്രാർത്ഥിച്ചു. ജൂലിയാൻ പേർഷ്യക്കാരുടേതിനേക്കാൾ ശക്തമായ ഒരു സൈന്യത്തോടെയാണ് യുദ്ധത്തിനു പുറപ്പെട്ടതെങ്കിലും പരാജിതനായി. ശത്രുകരത്തിൽപെട്ട് മരിക്കുന്നതിനേക്കാൾ അഭിമാനകരം ആത്മഹത്യയാണെന്നു കരുതി അയാൾ സ്വന്തം വാളെടുത്ത് ചങ്കിൽ കുത്തിയിറക്കി. അവിടെനിന്നും പ്രവഹിച്ച രക്തത്തിൽ കൈമുക്കി മുഷ്ടി ആകാശത്തിലേക്കുയർത്തി ഇപ്രകാരം ജൂലിയാൻ വിളിച്ചു പറഞ്ഞു: 'അല്ലയോ ഗലീലേയാ, നീ തന്നെ ജയിച്ചിരിക്കുന്നു'. ഇന്നു തിരുസഭ വലിയ പ്രതിസന്ധികൾ തരണം ചെയ്യുകയാണ്. മരിയ ഭക്തർ ഉണർന്ന് ദൈവമാതാവിന്റെ സഹായത്താൽ തിരുസഭയുടെ ശത്രുക്കളെ നേരിടാൻ തയ്യാറാകണം.

## പ്രാർത്ഥന

ദൈവജനനിയായ പരിശുദ്ധ കന്യകയേ, അങ്ങയെ എന്റെ മാതാവും മദ്ധ്യസ്ഥയുമായി ഞാൻ ഏറ്റു പറയുന്നു. പുത്രസഹജമായ ഭക്തി എന്നിൽ നിറയ്ക്കണമേ. അങ്ങേ അമ്മതസുതയുടെ ഗണത്തിൽ എന്നെയും ചേർക്കണമേ. മക്കളോടു അങ്ങേയ്ക്കുള്ള സ്നേഹവും വാത്സല്യവും എന്നോട് എപ്പോഴും അങ്ങ് കാണിക്കേണമേ. ഏതവസരത്തിലും അങ്ങേ സഹായം അഭ്യർത്ഥിക്കുവാനും നന്മ കൈവരിക്കുവാനും ഇടയാക്കണമേ. ഈ പ്രാർത്ഥനകൾ അങ്ങേ തിരുക്കുമാരൻ വഴിയായി പിതാവിന്റെ പക്കൽ അർപ്പിക്കുവാൻ അമ്മേ അങ്ങു തന്നെ എന്നെ സഹായിക്കേണമേ.

## വിശുദ്ധ ബർണ്ണർദോസ് ദൈവമാതാവിനെ നോക്കി പ്രാർത്ഥിച്ച ജപം

എത്രയും ദയയുള്ള മാതാവേ! നിന്റെ സങ്കേതത്തിൽ ഓടി വന്ന്! നിന്റെ ഉപകാര സഹായം അപേക്ഷിച്ചു. നിന്റെ അപേക്ഷയുടെ സഹായത്തെ ഇരന്നവരിൽ ഒരുവനെങ്കിലും നിന്നാൽ കൈവിടപ്പെട്ടു എന്നു ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല എന്നു നീ നിനച്ചു കൊള്ളണമേ. കന്യാവ്രതക്കാരുടെ രാജ്ഞിയായ കന്യകേ! ദയയുള്ള മാതാവേ! ഈ വണ്ണമുള്ള ശരണത്താൽ ഉറച്ചു നിന്റെ തൃപ്പാദത്തിങ്കൽ ഞാൻ അണഞ്ഞു വരുന്നു. നെടുവീർപ്പിട്ടു കണ്ണുനീർ ചിന്തി പാപിയായ ഞാൻ നിന്റെ ദയയുടെ ആഴത്തെ കാത്തുകൊണ്ട് നിന്റെ തിരുമുമ്പിൽ നിൽക്കുന്നു. അവതരിച്ച വചനത്തിന്റെ മാതാവേ! എന്റെ അപേക്ഷയെ ഉപേക്ഷിക്കാതെ ദയാപൂർവ്വം

